# കേരള സർവകലാശാല

നം.പി.ആർ.192/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മേഴ്സി ചാൻസ് പരീക്ഷ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (ഓൾഡ് സ്കീം – മേഴ്സി ചാൻസ്) പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. പരീക്ഷയ്ക്ക് സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം.

### പരീക്ഷാഫീസ്

സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 12 വരെയും 125 രൂപ പിഴയോടെ സെപ്റ്റംബർ 14 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

2018 സെപ്റ്റംബറിൽ നടത്തുന്ന (2016 അഡ്മിഷൻ) നാലാം സെമസ്റ്റർ പി.ജി പരീക്ഷകളുടെ ഡിസർട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 22 വരെ നീട്ടിയിരിക്കുന്നു.

സർവകലാശാലയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും വിവിധ പഠനവകുപ്പുകളിലേക്കും കാര്യവട്ടം ലക്ഷ്മീ ബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കുമുള്ള എം.ഫിൽ പ്രവേശനപരീക്ഷ (ജൂലൈ 2018) എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദാനന്തരബിരുദതല പരീക്ഷയുടെ മാർക്കുകൾ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് രേഖപ്പെടുത്താനുള്ള അവസാന തീയതി സെപ്റ്റംബർ 27 വരെ നീട്ടിയിരിക്കുന്നു.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് ഇൻ യോഗാ ആന്റ് മെഡിറ്റേഷന് സെപ്റ്റംബർ 10 വരെ അപേക്ഷിക്കാം. യോഗ്യത: പ്രീഡിഗ്രി/പ്ലസ്ടു, ഫീസ്: 15000/- രൂപ, അപേക്ഷാഫീസ്: 100 രൂപ, കോഴ്സ് കാലാവധി: ആറ് മാസം, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ ഫോൺ: 0471 – 2302523

## സൂക്ഷ്മ പരിശോധന

2018 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്ക് (2013 സ്കീം) (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം) (റെഗുലർ - 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2015 അഡ്മിഷൻ) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 7 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക്ക് റീ-വാല്യുവേഷൻ സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## കോഴ്സ് പ്രവേശനം

വേദാന്ത പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ആറുമാസക്കാലത്തെ യോഗ സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള പ്രവേശനം സെപ്റ്റംബർ 1 ന് പത്ത് മണിക്ക് സർവകലാശാലയുടെ കാര്യവട്ടത്തുള്ള വേദാന്ത പഠന കേന്ദ്രത്തിൽ വച്ചു നടക്കുന്നതാണ്. ഫോൺ: 9446409948.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വിഭാഗം കൊല്ലം കേന്ദ്രത്തിൽ (ഗവ.എച്ച്.എസ്.എസ് തേവള്ളി) എം.എ ഇംഗ്ലീഷ്, എം.എ ഹിസ്റ്ററി, എം.കോം എന്നീ വിഷയങ്ങളുടെ സമ്പർക്ക ക്ലാസുകൾ സെപ്റ്റംബർ 8 ന് നടത്തുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ

യു.ഐ.എം അടൂർ, ആലപ്പുഴ, കുണ്ടറ, പുനലൂർ സെന്ററുകളിൽ സെപ്റ്റംബർ 3 ന് 10 മണിക്ക് എം.ബി.എ സ്പോട്ട് അഡ്മിഷൻ നടക്കുന്നു. കെമാറ്റ്, സിമാറ്റ്, ക്യാറ്റ് എന്നീ പ്രവേശന പരീക്ഷകളിൽ യോഗ്യത നേടിയവർക്ക് പങ്കെടുക്കാവുന്നതാണ്.

തിരുവനന്തപുരം.
30.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098